<u>**15 -ാം കേരള നിയമസഭ**</u>

<u>**4 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2399**</u> <u>**16-03-2022 - ൽ മറുപടിയ്ക്ക്**</u>

<u>**പാലോട് ലഹരി വിമുക്ത കേന്ദ്രം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **null**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പാലോട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ ലഹരി വിമുക്ത കേന്ദ്രം ആരംഭിക്കുന്നതിനായുള്ള കെട്ടിടം 2020-ൽ ഉദ്ഘാടനം ചെയ്തുവെങ്കിലും പ്രസ്തുത പദ്ധതി ഇതുവരെ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | വിമുക്തി മിഷൻ തിരുവനന്തപുരം ജില്ലയിൽ പുതുതായി ആരംഭിക്കാൻ തെരഞ്ഞെടുത്തിട്ടുള്ള രണ്ട് ഡി-അഡീക്ഷൻ സെന്ററുകളിൽ ഒന്ന് പാലോട് സി.എച്ച്.സി ആണ്. സംസ്ഥാന തലത്തിൽ എല്ലാ ജില്ലകളിലും പുതുതായി രണ്ട് ഡി-അഡീക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ്. |
| (ബി) | പദ്ധതിക്കുവേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം ഫണ്ടുകൾ ഇതുവരെ ചെലവാക്കിയിട്ടുണ്ടെന്നും വിശദീകരിക്കാമോ; | (ബി) | പുതിയതായി ഡി-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ഓരോ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത ആശുപത്രികളുടെ വിവരം എക്സൈസ് വകുപ്പിൽ നിന്നും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിൽ പാലോട് സി.എച്ച്.സി യും ഉൾപ്പെട്ടിട്ടുണ്ട്. പാലോട് സി.എച്ച്.സി-യിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനായി വിമുക്തി മിഷനിൽ നിന്നും ഫണ്ടുകൾ ഒന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | എന്തെല്ലാം സേവനങ്ങളാണ് ഈ പദ്ധതിയിലൂടെ നൽകാൻ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ; | (സി) | ലഹരിക്കടിമപ്പെട്ടവരുടെ ചികിത്സ, കൗൺസിലിംഗ്, ലഹരിക്കടിമപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കുള്ള കൗൺസിലിംഗ് എന്നീ സേവനങ്ങളാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഡി) | എല്ലാ ജില്ലകളിലും രണ്ട് ഡി-അഡീക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുവാൻ തീരുമാനമെടുക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ